"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സിസി ജോസ്-ന് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.328/2025/H&FWD തീയതി,തിരുവനന്തപുരം, 05-02-2025

---

പരാമർശം:-
1. 24.08.2017 തീയതിയിലെ സ.ഉ. (പി) നം. 112/2017/ധന
2. ഡോ.സിസി ജോസ് 05.12.2024-ന് സമർപ്പിച്ച അപേക്ഷ.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 31.12.2024 ലെ ജി1/7651/2024/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സിസി ജോസ്, ജോലിക്കിടയിൽ 23.10.2024 ൽ സംഭവിച്ച അപകടത്തെ തുടർന്ന് 24.10.2024 മുതൽ 04.12.2024 വരെ (42 ദിവസം) പ്രത്യേക അവശതാവധിക്കു സമർപ്പിച്ച അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2 . കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ഒന്നാം വർഷ എം.എസ്.സി. നഴ്സിങ് പരീക്ഷയിൽ തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ എക്സാമിനർ ആയി ഡ്യൂട്ടി ചെയ്യവെ സംഭവിച്ച വീഴ്ചയെത്തുടർന്ന് പരിക്ക് പറ്റിയതായ തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലിന്റെ ഇൻസിഡന്റ് റിപ്പോർട്ടിന്റെയും, ലഭ്യമാക്കിയ മറ്റു രേഖകളുടെയും അടിസ്ഥാനത്തിൽ, ഡോ.സിസി ജോസ്-ന് കെ.എസ്.ആർ ഭാഗം-1 ചട്ടം 98 പ്രകാരം 24.10.2024 മുതൽ 04.12.2024 വരെ 42 ദിവസത്തെ പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (അനുബന്ധ രേഖകൾ സഹിതം)
ഡോ.സിസി ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം/തിരുവനന്തപുരം.(മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 05-02-2025 15:11:26

സെക്ഷൻ ഓഫീസർ